

സ്വിറ്റ്സർലണ്ടിലെ ഉന്നതാധികാര സഭയിൽ (സ്വിസ് പാർലമെന്റ് ) ആദ്യമായി മലയാളി സാന്നിദ്ധ്യം

ബേൺ : ചരിത്രത്തിൽ ആദ്യമായി സ്വിസ്സ് ജനാധിപത്യ വ്യവസ്ഥയിലെ ഉന്നതാധികാര സഭയിൽ അംഗമായി മലയാളി സത്യ പ്രതിജ്ഞ ചെയ്തു.സ്വിസ് പാർലമെന്റിലെ ശൈത്യകാല സമ്മേളത്തിന്റെ ആദ്യ ദിനമായ നവംബർ 27 ന് തിങ്കളാഴ്ച സ്വിസ് പാർലമെന്റ് അംഗമായി മലയാളിയായ നിക്ക് ഗൂഗർ സത്യ പ്രതിജ്ഞ ചെയ്തു.സ്വിസ് ജനാധിപത്യ വ്യവസ്ഥയിലെ ഉന്നത പാർലമെന്റിന്റിൽ (നാഷ്ണൽ റാറ്റ് ) ഇരിപ്പിടം ലഭിക്കുന്ന ആദ്യ ഭാരതീയനും മലയാളിയുമാണ് നിക്കൊളാസ് ഗൂഗർ. ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷിയായി മലയാളിയായ ഇന്ത്യൻ സ്ഥാനപതി സിബി ജോർജും സന്നിഹിതനായിരുന്നു.

അടുത്ത വർഷം ഇന്ത്യയും സ്വിറ്റ്സർലാൻഡും തമ്മിൽ ഉണ്ടാക്കിയ സൗഹൃദ ഉടമ്പടിയുടെ (ആഗസ്റ് 14,1948)എഴുപതാം വാർഷികമാണ് എന്നത് ഈ ചരിത്രനിമിഷത്തിന് നിറമേകി. സ്വതന്ത്രാനന്തര ഇന്ത്യയുമായി ഒരു സൗഹൃദ കരാർ ഉണ്ടാക്കിയ ആദ്യ പാശ്ചാത്യ രാജ്യമാണ് സ്വിറ്റ്സർലാൻഡ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യവും ഏറ്റവും പഴക്കമേറിയ ജനാധിപധ്യരാജ്യവും തമ്മിലുള്ള ബന്ധത്തിന് ഊഷ്മളതയേകും ഈ മലയാളിയുടെ പാര്ലമെന്റ് സാന്നിദ്ധ്യം.

കേരളത്തിലെ തലശ്ശേരിയിൽ ജനിച്ച നികോളാസ് ഹെർമൻ ഗുണ്ടർട്ടിന്റെ പ്രൊജക്ടിൽ സാമൂഹ്യ സേവനം ചെയ്തിരുന്ന ഹെർമൻ ഹെസ്സെയുടെ (1877 -1962) കൊച്ചു മകന്റെ കുടുംബത്താൽ ദത്തെടുത് സ്വിറ്റ്സർലണ്ടിലേക്ക് താമസം മാറ്റുകയായിരുന്നു.

സ്വിറ്റ്സർലണ്ടിൽ പ്രസിഡന്റ് അടക്കമുള്ള ഏഴ് പ്രധാന ഭരണ തസ്തികകൾ വഹിക്കുന്നവരെ (ബുണ്ടസ് റാറ്റ് ) തിരഞ്ഞെടുക്കുന്നത് 246 പേര് അടങ്ങുന്ന സ്വിസ് പാർലമെന്റ് ആണ് . ഇവിടെ ഇരിപ്പിടം ലഭിക്കുന്ന ആദ്യ ഭാരതീയൻ മലയാളി ആയത് സ്വിറ്റ്സർലണ്ടിലെ ഏഴായിരത്തോളം വരുന്ന പ്രവാസി മലയാളികൾക്ക് അഭിമാനത്തിന് വകയുമായി.

വിന്റർത്തൂർ നിവാസിയാണ് നിക്ക് ഗൂഗർ. സോഷ്യൽ വർക്കർ ആയ രക്ഷിതാക്കളെപ്പോലെ സാമൂഹ്യ സേവനം ചെയ്യാൻ ഇഷ്ടപ്പെടുന്ന നിക്ക്

ഇന്ത്യൻ റെസ്റ്റോറന്റ് നടത്തുകയും ആയുർവ്വേദപാനീയം വിപണനം നടത്തുകയും ചെയ്യുന്നു